പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നം. 240

03/02/2020 ൽ മറുപടി
നല്കേണ്ടത്.

## അശ്വമേധം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാജേഷ്**<br>**,, കെ.വി.വിജയദാസ്**<br>**,, ഒ. ആർ. കേളു**<br>**,, പി. ഉണ്ണി** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുഷ്ഠരോഗ നിർണയത്തിനായി നടപ്പാക്കിയ അശ്വമേധം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) അശ്വമേധം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 8 ജില്ലകളിൽ 2019 സെപ്റ്റംബർ 23 മുതൽ ഒക്ടോബർ 6 വരെ നടത്തുകയുണ്ടായി. 61156 വോളന്റിയർമാർ 6103 സൂപ്പർവൈസർ എന്നിവരുടെ നേതൃത്വത്തിൽ 181 രോഗികളെ പുതുതായി കണ്ടുപിടിച്ച് ചികിൽസയ്ക്ക് വിധേയമാക്കുകയുണ്ടായി. |
| (ബി) ഏതെല്ലാം വകുപ്പുകളുടെയും സംഘടനകളുടെയും പങ്കാളിത്തത്തോടെയാണ് പ്രസ്തുത കുഷ്ഠരോഗ നിർണയ ക്യാമ്പയിൻ നടത്തുന്നതെന്ന് അറിയിക്കാമോ; | (ബി) തദ്ദേശസ്വയംഭരണവകുപ്പ്, റവന്യൂ, സാമൂഹികനീതി, വിദ്യാഭ്യാസം, വനിതാ- ശിശുക്ഷേമം , തൊഴിൽ, ട്രൈബൽ തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ സഹായത്തോടെ I.M.A , I.A.D.V.L ( Indian Association of Dermatologist , Venereologist and Leprologist ) Q.P.M.P.A ( Qualified Private Medical Practioners Associations) നെഹ്റുയുവകേന്ദ്ര, ആശ, അംഗൻവാടി പ്രവർത്തകർ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെയാണ് ആരോഗ്യവകുപ്പ് ഈ ക്യാമ്പയിൽ സംഘടിപ്പിക്കുന്നത്. |
| (സി) രോഗ നിർണയത്തിലൂടെ രോഗം സ്ഥിരീകരിക്കപ്പെട്ടുന്നവർക്ക് സർക്കാർ ആശുപത്രികളിൽ എന്തെല്ലാം ചികിത്സകളാണ് സൗജന്യമായി ഏർപ്പെടുത്തിയിട്ടുള്ളത്; | (സി) പ്രാഥമിക ആരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുവരെയുള്ള ആരോഗ്യസ്ഥാപനങ്ങളിലൂടെ സൗജന്യമായി വിവിധ ഔഷധ ചികിൽസ (Multi Drug Therapy) ഉറപ്പാക്കിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) സമ്പൂർണ്ണ കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി എന്തെല്ലാം ബോധവത്ക്കരണ പരിപാടികളാണ് സർക്കാർ നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ? | (ഡി) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ അംഗനവാടികളിലും യുവജന ക്ലബ്ബുകളിലും സെമിനാറുകൾ, ബോധവൽക്കരണക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. വാർഡ് ഹെൽത്ത് സാനിറ്റേഷൻ & ന്യൂട്രിഷൻ കമ്മറ്റിയിൽ കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന് സ്വീകരിക്കേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും കർമ്മ പദ്ധതി തയ്യാറാക്കുകയും ചെയ്തു. ആരോഗ്യവകുപ്പ്, കോർപറേഷൻ, മുനിസിപ്പാലിറ്റി എന്നീ വിഭാഗങ്ങളിലെ മെഡിക്കൽ ഓഫീസർമാർ ആരോഗ്യപ്രവർത്തകർ, ആശാ, അംഗനവാടി വർക്കർമാർ, മെയിൽ വോളന്റിയർമാർ തുടങ്ങിയവർക്ക് പരിശീലനം നൽകുകയുണ്ടായി. 'അശ്വമേധം' ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിനിനോട് അനുബന്ധിച്ച് FM റേഡിയോ യിലൂടെയും സോഷ്യൽ മീഡിയയിലൂടെയും പ്രമുഖ ചാനലുകളിലൂടെയും കുഷ്ഠരോഗത്തെ കുറിച്ചുള്ള സന്ദേശം പൊതുജനങ്ങളിൽ പ്രചരിപ്പിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ